(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതിയെക്കുറിച്ച് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ലോക ബാങ്ക് പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷങ്ങളായി കാവുകളുടെ സംരക്ഷണത്തിന് കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിനായി പൊതുവായ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തെ കരാർകൃഷിയും പാട്ടകൃഷിയും

*13 [73] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കരാർകൃഷിയും പാട്ടകൃഷിയും നടപ്പാക്കുവാൻ കേന്ദ്രത്തിൽനിന്നും ഏതെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1970-ലെ ഭൂപരിഷ്കരണ നിയമമനുസരിച്ച് കരാർകൃഷിയും പാട്ടകൃഷിയും അനുവദനീയമാണോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ വിദേശ കമ്പനികളും ബഹുരാഷ്ട്ര കമ്പനികളും ഇൻഡ്യൻ കുത്തക കമ്പനികളും കരാർകൃഷി നടത്തിയതിന്റെ ഫലങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്ത് ഇതു നടപ്പിലാക്കുന്നതിനു മുൻപ് ഇപ്രകാരം ഒരു അവലോകനം നടത്തുന്നകാര്യം പരിഗണിക്കാമോ;

(ഡി) കേരളത്തിലെ കൃഷിരീതിയുടെ പ്രത്യേകതകൾ, ഭൂവിനിയോഗ രീതികൾ, സാമൂഹികപരിസ്ഥിതികൾ, തൊഴിൽ ബന്ധങ്ങൾ എന്നിവ അനുസരിച്ച് കരാർകൃഷിയും പാട്ടകൃഷിയും ഇവിടെ പ്രായോഗികമാണെന്നു കരുതുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) അഗ്രികൾച്ചറൽ മാർക്കറ്റിംഗ് റിഫോംസ് സംബന്ധിച്ചു 27-9-2002-ൽ ന്യൂഡൽഹിൽ വച്ചുനടന്ന സംസ്ഥാനമന്ത്രിമാരുടെ സമ്മേളനത്തിൽ കോൺട്രാക്ട് ഫാമിംഗ് അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. തുടർന്നു കേന്ദ്രസർക്കാർ കേന്ദ്ര കൃഷിയും സഹകരണവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഒരു കമ്മിറ്റി ഒരു മോഡൽ സംസ്ഥാന കാർഷികോൽപ്പന്ന വിപണനം

LIBRARY ARCHIVES Kerala Legislative Assembly

(വികസനവും ക്രമീകരണവും) ആക്ടിനും കോൺട്രാക്ട് ഫാമിംഗ് കരാറിന്റെ മോഡൽ മാനദണ്ഡങ്ങൾക്കും രൂപംനൽകുകയും അത് സംസ്ഥാന സർക്കാരുകൾക്ക് അയച്ചു തരികയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) പാട്ടകൃഷി അനുവദനീയമല്ല. ഇപ്പോൾ കേന്ദ്രസർക്കാർ പരിഗണിച്ചുവരുന്ന കോൺട്രാക്ട് ഫാമിംഗ് കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഏതു വിധത്തിലാണ് നടപ്പാക്കേണ്ടതു എന്നും നിയമമാക്കേണ്ടതെന്നും പരിശോധിച്ചു വരികയാണ്. ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്, തുടർന്നും വരുന്നു. തീരുമാനം എടുക്കുമ്പോൾ ഇക്കാര്യംകൂടി പരിഗണിക്കുന്നതാണ്.

(ഡി) കേരളത്തിൽ പാട്ടകൃഷി അനുവദനീയമല്ലെങ്കിലും വ്യാപകമായി ഇതു ഇപ്പോഴും നടന്നുവരുന്നുണ്ട്.

വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

*14 [74] ശ്രീ. മത്തായി ചാക്കോ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഓണക്കാലത്ത് നടത്തുന്ന ഓണച്ചന്തകൾ കൂടാതെ പുതിയ സംവിധാനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പൊതുവിപണിയിലെ വില നിയന്ത്രിക്കാൻ സ്വീകരിച്ച നടപടിയുടെ ഫലമായി ഏതെല്ലാം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly